**ഭരണഭാഷ - മാതൃഭാഷ**

സ്പോർട്സ് 2/16269/2024/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം., തീയതി : 11.09.2024
ഫോൺ: 0471- 2580 534; supdts.dge@kerala.gov.in

പ്രേഷിതൻ

പൊതുവിദ്യാഭ്യാസ ഡയറക്ടർ
തിരുവനന്തപുരം

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും

സർ

വിഷയം : പൊതുവിദ്യാഭ്യാസം - സ്പോർട്സ് - 2024 ജെ.എൻ ഹോക്കി ടൂർണമെന്റ് സംസ്ഥാനതല മത്സരങ്ങൾ നടത്തുന്നത് - സംബന്ധിച്ച്

സൂചന : 06.09.2024 തീയതിയിലെ ഇതേ നമ്പർ കത്ത്

******************************

ജവഹർലാൽ നെഹ്റു ഹോക്കി ടൂർണമെന്റ് 2024 ന്റെ **അണ്ടർ 17 ആൺ/ പെൺ** സംസ്ഥാനതല മത്സരങ്ങൾ **2024 സെപ്തംബർ 28 മുതൽ ഒക്ടോബർ 1 വരെ കൊല്ലം ന്യൂ ഹോക്കി സ്റ്റേഡിയത്തിൽ** വച്ച് നടത്തുന്നതാണ്. സബ് ജില്ല, റവന്യൂ ജില്ലാ മത്സരങ്ങളിലൂടെ തെരഞ്ഞെടുത്ത താങ്കളുടെ ജില്ലയിലെ സ്കൂൾ ടീമുകളെ സംസ്ഥാനതല മത്സരങ്ങളിൽ പങ്കെടുപ്പിക്കേണ്ടതാണ്. ജില്ലയിൽ വിജയികളായ സ്കൂൾ ടീമുകൾ, **https://sports.kite.kerala.gov.in** എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുമ്പോൾ ലഭിക്കുന്ന എലിജിബിലിറ്റി സർട്ടിഫിക്കറ്റുമായി വേണം രജിസ്ട്രേഷൻ സമയത്ത് എത്തേണ്ടത്.

**രജിസ്ട്രേഷൻ സ്ഥലവും തീയതിയും ചുവടെ ചേർക്കുന്നു**

അണ്ടർ 17 ആൺ വിഭാഗം - 28.09.2024 നു വൈകുന്നേരം 05.00 മണിക്ക് **കൊല്ലം ന്യൂ ഹോക്കി സ്റ്റേഡിയം**

അണ്ടർ 17 പെൺ വിഭാഗം - 29.09.2024 നു വൈകുന്നേരം 05.00 മണിക്ക് **കൊല്ലം ന്യൂ ഹോക്കി സ്റ്റേഡിയത്തിലും** റിപ്പോർട്ട് ചെയ്യേണ്ടതാണ്

മത്സരങ്ങൾ സമയബന്ധിതമായി തുടങ്ങുന്നതിന് ടീമുകൾ മുകളിൽ സൂചിപ്പിച്ചിരിക്കുന്ന സമയത്ത് തന്നെ കൃത്യമായി രജിസ്ട്രേഷന് എത്തിച്ചേരണ്ടതാണ്.

**രജിസ്ട്രേഷനും താമസ സൗകര്യത്തിനുമായി ബന്ധപ്പെടേണ്ട ഫോൺ നം:**

മുഹമ്മദ് റാഫി എ. ആർ, ജില്ലാ സ്പോർട്സ് കോർഡിനേറ്റർ, കൊല്ലം - **7034577000**

സജിലാൽ കെ, ആർ.ഡി.എസ്.ജി,എ സെക്രട്ടറി, കൊല്ലം - **9947449009**

ഷിബു ജർമ്മൻ - 9495167054 (ആൺകുട്ടികളുടെ താമസം)
അനിൽ കുമാർ - 7559907245 (ആൺകുട്ടികളുടെ താമസം)
അജിത കുമാരി - 9446600137 (പെൺകുട്ടികളുടെ താമസം)
സ്മിത മാത്യൂ - 9447430769 (പെൺകുട്ടികളുടെ താമസം)

## നിർദ്ദേശങ്ങൾ

1. സംസ്ഥാനതല ജെ.എൻ ഹോക്കി ടൂർണമെന്റ് മത്സരത്തിൽ പങ്കെടുക്കുന്ന കുട്ടികൾ രജിസ്ട്രേഷൻ സമയത്ത് ഹാജരാക്കേണ്ട രേഖകൾ
   i. **https://sports.kite.kerala.gov.in** എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്ത് ശേഷം ലഭിക്കുന്ന എലിജിബിലിറ്റി സർട്ടിഫിക്കേറ്റ് സ്കൂൾ പ്രിൻസിപ്പൽ / പ്രഥമാധ്യാപകൻ സാക്ഷ്യപ്പെടുത്തിയത്. (1 കോപ്പി)
   ii. പ്രിൻസിപ്പൽ / പ്രഥമാധ്യാപകൻ സാക്ഷ്യപ്പെടുത്തിയ ജനന സർട്ടിഫിക്കറ്റ് (1 കോപ്പി)
   iii. പ്രിൻസിപ്പൽ / പ്രഥമാധ്യാപകൻ സാക്ഷ്യപ്പെടുത്തിയ ആധാർ സർട്ടിഫിക്കറ്റ് (1 കോപ്പി)
   iv. പ്രിൻസിപ്പൽ / പ്രഥമാധ്യാപകൻ സാക്ഷ്യപ്പെടുത്താത്ത ഒരു രേഖകളും രജിസ്ട്രേഷനായി പരിഗണിക്കുകയില്ല.
2. മത്സരത്തിൽ പങ്കെടുക്കാൻ വരുന്ന കുട്ടികളുടെ സുരക്ഷ, സംരക്ഷണം ഉറപ്പാക്കുന്നതിന്റെ ഭാഗമായി കുട്ടികളോടൊപ്പം മത്സരത്തിനു വരുന്ന ടീം മാനേജർമാരെ ജില്ല വിദ്യാഭ്യാസ ഉപഡയറക്ടറുടെ മേൽനോട്ടത്തിൽ നിയമിക്കേണ്ടതാണ്. ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി വിഭാഗത്തിലെ കുട്ടികൾ പങ്കെടുക്കുമ്പോൾ അതാത് വിഭാഗത്തിലെ എസ്കോർട്ടിംഗ് ടീച്ചർമാരുടെ സാന്നിധ്യം നിർബന്ധമായി ഉണ്ടായിരിക്കണം.
3. ഓരോ ജില്ലയിൽ നിന്നും വിജയിച്ച സ്കൂളിലെ 16 (അണ്ടർ 17 ആൺ/പെൺ കാറ്റഗറി) മത്സരാർത്ഥികളും 1 കോച്ച് 1 മാനേജർ എന്നിവരുമാണ് സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കേണ്ടതാണ്.
4. മത്സരാർത്ഥികൾ, കോച്ച്, മാനേജർ എന്നിവർക്ക് താമസ സൗകര്യം പൊതുവിദ്യാഭ്യാസ വകുപ്പ് നൽകുന്നതാണ്.
5. പ്രിൻസിപ്പൽ / പ്രഥമാധ്യാപകൻ ചുമതലപ്പെടുത്തിയ അധ്യാപകനായിരിക്കണം ടീം മാനേജർ (പ്രിൻസിപ്പൽ / പ്രഥമാധ്യാപകൻ ടീംമാനേജർമാരായി അധ്യാപകരെ ചുമതലപ്പെടുത്തികൊണ്ടുള്ള കത്തും, ചുമതലപ്പെട്ട അധ്യാപകന്റെ സ്കൂൾ ഐ.ഡി. കാർഡും രജിസ്ട്രേഷൻ സമയത്ത് ഹാജരാക്കേണ്ടതാണ്)
6. പെൺകുട്ടികളുടെ ടീമിനൊപ്പം **വനിത ടീം മാനേജർ** നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. പ്രിൻസിപ്പൽ / പ്രഥമാധ്യാപകൻ ചുമതലപ്പെടുത്തുന്ന

അദ്ധ്യാപിക ആയിരിക്കണം ടീം മാനേജർ, (പ്രിൻസിപ്പൽ / പ്രഥമാദ്ധ്യാപകൻ വനിത ടീം മാനേജരെ ചുമതലപ്പെടുത്തികൊണ്ടുള്ള കത്തും ചുമതലപ്പെട്ട അദ്ധ്യാപികയുടെ സ്കൂൾ ഐ.ഡി. കാർഡും രജിസ്ട്രേഷൻ സമയത്ത് ഹാജരാക്കേണ്ടതാണ്).

7. ടീം മാനേജർമാർ ഇല്ലാത്ത ടീമുകളുടെ രജിസ്ട്രേഷൻ ചെയ്യുന്നതല്ല.
8. ടീം മാനേജേഴ്സായി ചുമതലപ്പെടുത്തുന്ന അദ്ധ്യാപകർ ഹാജരാക്കേണ്ട പ്രിൻസിപ്പൽ / പ്രഥമാദ്ധ്യാപകന്റെ സർട്ടിഫിക്കേറ്റ് www.sports.kite.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും ലഭിക്കുന്നതാണ്. ഇത് പ്രിൻസിപ്പൽ / പ്രഥമാദ്ധ്യാപകൻ സാക്ഷ്യപ്പെടുത്തി ഹാജരാക്കേണ്ടതാണ്.
9. മത്സരത്തിൽ പങ്കെടുക്കുന്ന സ്കൂൾ ടീമുകൾ സ്വന്തം ചിലവിൽ എത്തിച്ചേരേണ്ടതാണ്..
10. അക്കോമഡേഷന്റെ ഭാഗമായി ടീം ഒന്നിന് 2,000/- രൂപ ക്രമത്തിൽ കരുതൽ ഡിപ്പോസിറ്റ് രജിസ്ട്രേഷൻ സമയത്ത് അടയ്ക്കേണ്ടതാണ്.
11. എല്ലാ ടീം മാനേജർമാരും നിർബന്ധമായും ടീം മാനേജേഴ്സ് മീറ്റിംഗിൽ പങ്കെടുക്കേണ്ടതാണ്. മീറ്റിംഗ് സമയം ചുവടെ ചേർത്തിരിക്കുന്നു.

| ടീം മാനേജേഴ്സ് & ഫിക്ചർ മീറ്റിംഗ് | | |
|---|---|---|
| അണ്ടർ 17 ആൺ | 28/09/2024 വൈകിട്ട് 07 മണിക്ക് | കൊല്ലം ന്യൂ ഹോക്കി സ്റ്റേഡിയം |
| അണ്ടർ 17 പെൺ | 29/09/2024 ന് വൈകിട്ട് 07 മണിക്ക് | കൊല്ലം ന്യൂ ഹോക്കി സ്റ്റേഡിയം |

വിശ്വസ്തതയോടെ

DIRECTORATE OF GENERAL EDUCATION
Jagathy, Trivandrum

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

പകർപ്പ് :

1. എല്ലാ ആർ.ഡി.ഡിമാർക്കും (ഹയർ സെക്കണ്ടറി വിഭാഗം)
2. എല്ലാ എ.ഡി.മാർക്കും (വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗം)
3. എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും (വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന)
4. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന)
5. ആർ.ഡി.എസ്.ജി.എ സെക്രട്ടറിമാർക്കും (വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന)
6. ജില്ലാ സ്പോർട്സ് കോ-ഓർഡിനേറ്റർമാർക്കും (വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന)